DCWYD/2196/2019/DEOC1

കളക്ടറേറ്റ്, വയനാട്

തിയ്യതി– 19.2.2019

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ– എ.ആർ. അജയകുമാർ ഐ.എ.എസ്)

വിഷയം– ദുരന്തനിവാരണം– സൂര്യാഘാതം– ജോലി സമയം ക്രമീകരിച്ച് ഉത്തരവാക്കുന്നത് സംബന്ധിച്ച്

------------

ജില്ലയിലെ വാളാട്, മേപ്പാടി തുടങ്ങിയ മേഖലകളിൽ സൂര്യാഘാതം ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാവസ്ഥയിലെ മാറ്റം നിമിത്തം പകൽ സമയത്ത് ചൂട് ഉയർന്ന് നിൽക്കുന്നതിനാൽ സൂര്യാഘാതം വരും നാളുകളിലും ഉണ്ടാകാൻ സാധ്യതയുണ്ട്. വെയിൽ നേരിട്ട് ഏൽക്കുന്ന തോട്ടംതൊഴിലാളി, നിർമാണ തൊഴിലാളി മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സൂര്യാഘാതം ഏൽക്കാൻ സാധ്യത കൂടുതലായതിനാൽ അത്തരത്തിലുള്ള ദുരന്തം തടയുന്നതിനായി ദുരന്തനിവാരണ നിയമം സെക്ഷൻ 30(1), 34(എച്), 34 (എം) എന്നീ വകുപ്പുകൾ പ്രകാരം ചുവടെ പറയുന്ന ഉത്തരവ് ഇതിനാൽ പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

വയനാട് ജില്ലയിൽ സൂര്യാഘാത സാധ്യത നിലവിലുള്ളതിനാൽ തോട്ടം തൊഴിൽ, നിർമാണ തൊഴിൽ തുടങ്ങിയ മേഖലകളിൽ വെയിലേൽക്കുന്ന വിധത്തിലുള്ള ജോലി ചെയ്യുന്ന ജോലിക്കാർക്ക് 2019 മെയ് 31 വരെ, ഉച്ചക്ക് 12 മണിമുതൽ വൈകിട്ട് 3 മണിവരെ ജോലി ഒഴിവ് അനുവദിക്കാനായി ജില്ലാ ലേബർ ഓഫീസർ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്. ഇതിനനുസരിച്ച് ജോലിയുടെ പുതുക്കിയ സമയക്രമം ജില്ലാ ലേബർ ഓഫീസർ പ്രത്യേകമായി പുറപ്പെടുവിക്കേണ്ടതുമാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നടപ്പാക്കേണ്ടതാണ്

ചെയർമാൻ, ഡി.ഡി.എം.എ &

ജില്ലാ കളക്ടർ

1. ജില്ലാ ലേബർ ഓഫീസർ, വയനാട്

പകർപ്പ്

1. എല്ലാ ഡി.ഡി.എം.എ അംഗങ്ങൾക്കും
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (മാധ്യമങ്ങളിൽ പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ (ജില്ലാ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)